## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4266 03.02.2014 ലെ മറുപടിക്ക്

### പട്ടികജാതി കുടുംബങ്ങളുടെ ഉന്നമനത്തിനായി ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി കുടുംബങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) 2009-10 കാലഘട്ടത്തിൽ കേരളത്തിലെ പട്ടികജാതി സങ്കേതങ്ങളെക്കുറിച്ചും കുടുംബങ്ങളെക്കുറിച്ചും സർവ്വെ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം 564329 കുടുംബങ്ങളാണുള്ളത്. |
| (ബി) പട്ടികജാതി കുടുംബങ്ങൾക്ക് സാമൂഹിക നീതി ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) പട്ടികജാതി കുടുംബങ്ങൾക്ക് സാമൂഹിക നീതി ഉറപ്പാക്കുന്നതിന് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. വിവാഹധനസഹായം<br>2. മിശ്രവിവാഹധനസഹായം<br>3. ഭൂരഹിത പുനരധിവാസ പദ്ധതി<br>4. ഭവന നിർമ്മാണ ഗ്രാന്റ്<br>5. ദുർബ്ബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി<br>6. ടോയ്‌ലറ്റ് നിർമ്മാണം<br>7. പട്ടികജാതി വികസന വകുപ്പ മന്ത്രിയുടെ ദുരിതാശ്വാസ നിധി<br>8. ഉദ്യോഗാർത്ഥികൾക്ക് ക്ഷാമബത്ത<br>9. സാമൂഹ്യഐക്യദാർഢ്യപക്ഷാചരണം<br>10. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ |

| | | | |
|---|---|---|---|
| (സി) | പട്ടികജാതി കുടുംബങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി 2012-2013, 2013-2014 വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര തുക ധനസഹായമായി ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (സി) | പട്ടികജാതി കുടുംബങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി 2012-2013 ൽ 4351.60756 ലക്ഷം രൂപയും 2013-2014 ൽ 1012 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്ര ഫണ്ടുപയോഗിച്ച് പട്ടികജാതി കോളനികൾക്ക് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകാമോ? | (ഡി) | നിലവിൽ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിലെ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നില്ല. 2011-12 അധിക കേന്ദ്ര സഹായ ഇനത്തിൽ പട്ടികജാതി കോളനികളിലെ വൈദ്യുതീകരണത്തിന് വേണ്ടി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ